# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം.പി.ആർ. 40/2025** **തിരുവനന്തപുരം, തീയതി: 21/02/2025**

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഫ്.എ. (പെയിന്റിംഗ് & സ്കൾപ്ച്ചർ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 മാർച്ച് 7 വരെ അപേക്ഷിക്കാം.

കേരളസർവകലാശാല 2024 ഫെബ്രുവരിയിൽ നടത്തിയ രണ്ട്, നാല്, ആറ് സെമസ്റ്റർ ബി.എ. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (റീസ്ട്രക്ചേർഡ്) മേഴ്സിചാൻസ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 മാർച്ച് 1 വരെ ഓഫ്‌ലൈനായി അപേക്ഷിക്കാം. വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

### പരീക്ഷ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ജനുവരി 16 ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസിന്റെ PS 513 Indian Government and Politics എന്ന പേപ്പറിന്റെ പരീക്ഷ 2025 ഫെബ്രുവരി 28 ന് നടത്താൻ നിശ്ചയിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

### പ്രാക്ടിക്കൽ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ 2024 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക്. (2020 സ്കീം – റെഗുലർ – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2020, 2021, 2022 അഡ്മിഷൻ) ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ 2025 മാർച്ച് 03 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

### പരീക്ഷാഫീസ്

കേരളസർവകലാശാല 2025 മാർച്ച് 25 ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) (റെഗുലർ – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020, 2021 അഡ്മിഷൻ, മേഴ്സിചാൻസ് – 2018 അഡ്മിഷൻ) പരീക്ഷയ്ക്ക് പിഴകൂടാതെ 2025 ഫെബ്രുവരി 28 വരെയും 150 രൂപ പിഴയോടെ മാർച്ച് 4 വരെയും 400 രൂപ പിഴയോടെ മാർച്ച് 6 വരെയും ഓഫ്‌ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

### ഹാൾടിക്കറ്റ്

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ ബി.എസ്‌സി./ബി.കോം. ജനുവരി 2025 പരീക്ഷയുടെ ഹാൾടിക്കറ്റുകൾ അതാത് പരീക്ഷ

കേന്ദ്രങ്ങളിൽ നിന്ന് കൈപ്പറ്റേണ്ടതാണ്. ഹാൾടിക്കറ്റ് ഇല്ലാത്ത വിദ്യാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല.

## ടൈംടേബിൾ

കേരളസർവകലാശാല 2025 മാർച്ച് 10 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എൽ.എൽ.എം. ബിരുദ പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക്. (2018 സ്കീം), 2023 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ടെക്. (പാർട്ട്ടൈം റീസ്ട്രക്ചേർഡ് – 2013 സ്കീം) എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ഫെബ്രുവരി 25 മുതൽ 28 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. VII സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## പൂർവ്വ വിദ്യാർത്ഥി സംഗമം

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഈ വർഷത്തെ പൂർവ്വ വിദ്യാർത്ഥി സംഗമം 2025 ഫെബ്രുവരി 22 ശനിയാഴ്ച രാവിലെ 10 മണി മുതൽ കോളേജ് ക്യാമ്പസിലെ ഗോർഡൻ ജൂബിലി ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു.

## ഫുട്ബോൾ പരിശീലനത്തിന് വേണ്ടിയുള്ള സെലക്ഷൻ ട്രയൽ

കേരളസർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ 14 മുതൽ 17 വയസ്സുവരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്കായി ഫുട്ബോൾ പരിശീലനത്തിന് വേണ്ടിയുള്ള സെലക്ഷൻ ട്രയൽ 2025 ഫെബ്രുവരി 26 ന് രാവിലെ 7 മണിയ്ക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: 0471 – 2306485, 7550300605, 7994759331. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in